

ജൂൺ 2026

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

കേരളത്തിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരിക്കുന്ന ശ്രീ. വി. ഡി. സതീശന് മാർത്തോമ്മാ സഭയുടെ ഹൃദ്യമായ അഭിനന്ദനം അറിയിക്കുന്നു. നമ്മുടെ സഭയുടെ ഒരു ഉത്തമ സുഹൃത്തും നല്ല ഒരു വാഗ്മിയുമായ ശ്രീ. സതീശന്റെ നേതൃത്വം സംസ്ഥാനത്തിന് അനുഗ്രഹമാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കീഴ്വഴക്കങ്ങൾ മാറ്റി കേരളത്തിന്റെ ഭരണ രംഗത്ത് വിശാല കാഴ്ചപ്പാടുകളും പുത്തൻ ശൈലികളും ആവിഷ്കരിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു. പുതുതായി അധികാരത്തിലേറിയ സർക്കാരിനും ജനപ്രതിനിധികൾക്കും ആശംസകൾ അറിയിക്കുന്നു. ജനങ്ങൾ നൽകിയ വലിയ പിന്തുണയെ ഗൗരവമായി കണ്ട് ജനങ്ങളും സർക്കാരും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാക്കുവാൻ പുതിയ സർക്കാർ പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കാം. സമുദായിക-രാഷ്ട്രീയ ഭേദങ്ങൾക്കപ്പുറം എല്ലാ ജനവിഭാഗങ്ങളെയും ചേർത്തു നിർത്തി ഭരണഘടനാ മൂല്യങ്ങളും കേരളത്തിന്റെ മതേതര സ്വഭാവവും കാത്തു സൂക്ഷിച്ചു സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ പുതിയ നേതൃത്വത്തിന് സാധിക്കണം. ജനകീയ വിഷയങ്ങളിൽ അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ചും പൊതു സമൂഹത്തിൽ ഉയരുന്ന വിമർശനങ്ങളെ ഉൾക്കൊണ്ട് നല്ലതിനെ സ്വീകരിച്ചും സംസ്ഥാനത്തെ ജനങ്ങളെ നയിക്കുന്നതിന് സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ജൂൺ 15 മുതൽ കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സൗജന്യയാത്ര, ആശാവർക്കർമാരുടെ വേതന വർദ്ധനവ് തുടങ്ങിയ പുരോഗമനപരമായ തീരുമാനങ്ങൾ ഇതിനകം തന്നെ പുതിയ മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട് എന്നത് ശുഭോദർക്കമാണ്. കേരളത്തിൽ മാത്രമല്ല തമിഴ്നാട്, പശ്ചിമ ബംഗാൾ, ആസ്സാം തുടങ്ങിയ പല സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പിനെ തുടർന്ന് പുതിയ സർക്കാരുകൾ അധികാരത്തിൽ എത്തി. ജനങ്ങളുടെ നന്മയും ദേശത്തിന്റെ സൗഖ്യവും ലാക്കാക്കി പ്രവർത്തിക്കുവാൻ അവർക്ക് സാധിക്കട്ടെയെന്നു ആശംസിക്കുന്നു.

ചോദ്യപേപ്പർ ചോർന്നുവെന്ന പരാതിയെ തുടർന്ന് 24 ലക്ഷത്തോളം വിദ്യാർഥികൾ എഴുതിയ ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയായ നീറ്റ് (യുജി) പരീക്ഷ റദ്ദാക്കിയിരിക്കുന്നു എന്നത് എത്രയും ഉത്കണ്ഠാകുലമായ വാർത്തയാണ്. മെയ് മൂന്നിന് നടന്ന പരീക്ഷ റദ്ദാക്കിയതിലൂടെ ഒരു വലിയ കൂട്ടം വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും പ്രതിസന്ധിയിലായിരിക്കുന്നു. ദേശീയ തലത്തിൽ നടത്തുന്ന മത്സരപരീക്ഷകളുടെ ഘടനയിൽ സമഗ്രമായ മാറ്റം വരുത്തണമെന്ന ആവശ്യം ദീർഘകാലങ്ങളായുള്ളതാണ്. മത്സര പരീക്ഷകളിലൂടെ അറിവും അർഹതയുമാണ് വിലയിരുത്തപ്പെടേണ്ടത്. അന്യായ മാർഗ്ഗങ്ങളിലൂടെ അർഹരുടെ അവസരം അട്ടിമറിക്കപ്പെടുന്ന എല്ലാ പ്രവണതകളും ചോദ്യം ചെയ്യപ്പെടേണ്ടത് അനിവാര്യമാണ്. സി. ബി. എസ്. ഇ. മൂല്യനിർണ്ണയവുമായുണ്ടായ പരാതികൾ അതീവ ഗൗരവതരമാണ്. രണ്ടാഴ്ചയ്ക്കിടെ രണ്ട് തവണയാണ് വിദ്യാർത്ഥി സമൂഹത്തിന് നേരെ ഇത്തരം പിഴവുകൾ ആവർത്തിക്കുന്നത്. പരീക്ഷാ സമ്പ്രദായത്തിലെ പരിഷ്കാരങ്ങൾ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പ് വരുത്തുകയാണ് ആവശ്യം. എന്നാൽ അതിന് വിപരീത ഫലങ്ങളാണ് ഇത്തരം പ്രവർത്തനങ്ങളിലൂടെ സംഭവിക്കുന്നത്. നിലവാരമുള്ള വിദ്യാഭ്യാസവും ലോകത്തെ ഏതു രാജ്യവുമായും കിടപിടിക്കുന്ന തൊഴിൽ ശേഷിയും കൈവരിച്ചു കൊണ്ടു മാത്രമെ നമുക്ക് മുന്നേറാനാകൂ. അതുകൊണ്ട് യുവജനങ്ങളെ കണ്ണീരിലാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി സുതാര്യമായ രീതിയിൽ പരീക്ഷകളും മൂല്യനിർണ്ണയവും പുനഃക്രമീകരിക്കണം.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 114-ാം സമ്മേളനം തിരുവനന്തപുരം സെന്ററിന്റെ ആഭിമുഖ്യത്തിൽ മുക്കോലക്കൽ സെന്റ് തോമസ് നഗറിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ഓഡിറ്റോറിയത്തിൽ വെച്ച് മെയ് 6 മുതൽ 9 വരെ അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കാം. 503 ഡെലിഗേറ്റ്സ് പങ്കെടുത്ത കോൺഫറൻസ് ധന്യമായിരുന്നു. മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ ചരിത്രവും ഓർമ്മകളും ഉൾ

ക്കൊള്ളിച്ചു കൊണ്ട് അഭിവന്ദ്യ തിരുമേനിമാർ, പ്രഗത്ഭരായ എഴുത്തുകാർ, വിദ്യാർഥികൾ എന്നിവരുടെ ലേഖനങ്ങളും കൃതികളും ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച GEN C Chronicle എന്ന സുവനീർ കോൺഫറൻസിന്റെ ആദ്യ ദിനം തന്നെ റിലീസ് ചെയ്യുവാനും സാധിച്ചു. നേതൃത്വം നല്കിയ എല്ലാവരെയും തിരുവനന്തപുരം മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷൻ സൊസൈറ്റിയെയും അഭിനന്ദിക്കുന്നു. മെയ് മാസം 9-ാം തീയതി തിരുവനന്തപുരം പാറ്റൂർ മാർത്തോമ്മാ പള്ളിയിൽ വെച്ച് ഭാഗ്യസ്മരണീയനായ പത്മഭൂഷൺ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ധന്യമായ ജീവിതത്തെയും ശുശ്രൂഷകളെയും സ്മരിച്ചുകൊണ്ട് അനുസ്മരണ പ്രഭാഷണം നടത്തുവാൻ ഇടയായി. ലത്തീൻ കത്തോലിക്കാ സഭയുടെ തിരുവനന്തപുരം അതിഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. തോമസ് ജെ. നെറ്റോ തിരുമേനി മുഖ്യപ്രഭാഷണം നടത്തി. മീറ്റിംഗുകൾക്ക് നേതൃത്വവും പങ്കാളിത്വവും നല്കിയ ഏവരോടും, ആതിഥ്യം അരുളിയ പാറ്റൂർ മാർത്തോമ്മാ ഇടവകയോടുമുള്ള നന്ദി അറിയിക്കുന്നു.

കേരളത്തിൽ ഒരു പുതിയ അധ്യയന വർഷം ജൂൺ 1 മുതൽ ആരംഭിക്കുകയാണ്. ഓരോ വർഷവും പുതിയ പ്രതീക്ഷകളും സാധ്യതകളും മുന്നിൽ തുറക്കുന്ന ഒരു യാത്രയാണ് വിദ്യാഭ്യാസ കാലം. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ക്ലാസുകൾ ആരംഭിച്ചു കഴിഞ്ഞു; മറ്റു സംസ്ഥാനങ്ങളിൽ ഉടൻ ആരംഭിക്കാനിരിക്കുകയാണ്. അറിവ്, മൂല്യങ്ങൾ, ശാസ്ത്രീയ സമീപനം എന്നിവയിൽ വിദ്യാർത്ഥികളെ രൂപപ്പെടുത്തുന്ന ഒരു ദൗത്യമാണ് അധ്യയന വർഷം നമ്മെ ഏൽപ്പിക്കുന്നത്. പുതിയ പാഠ്യപദ്ധതികളും വിദ്യാഭ്യാസ നയങ്ങളും (NEP ഉൾപ്പെടെ) പഠനരീതിയിൽ ഗണ്യമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. അധ്യാപന-അധ്യയന രംഗം ഇന്ന് പരമ്പരാഗത ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങാതെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ, ഹൈബ്രിഡ് ലേണിംഗ് രീതികൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത ഉപകരണങ്ങൾ എന്നിവയിലൂടെ കൂടുതൽ വിപുലമായിരിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികളും ശ്രദ്ധേയമാണ്. പരീക്ഷാ സമ്മർദ്ദം, മാനസികാരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ അനിശ്ചിതത്വം, വിദേശ കുടിയേറ്റ പ്രവണതകൾ, മൂല്യച്യുതി, സാങ്കേതികവിദ്യയുടെ അതിവേഗ മാറ്റങ്ങൾ എന്നിവ വിദ്യാർത്ഥികളുടെ ജീവിതത്തെ നേരിട്ട് ബാധിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനുഗ്രഹീതവും ഫലപ്രദവും മൂല്യാധിഷ്ഠിതവുമായ ഒരു പുതിയ അധ്യയന വർഷം ആശംസിക്കുന്നു. ആദ്യമായി സ്കൂളിലേക്ക് പോകുന്ന കുഞ്ഞുങ്ങളെ പ്രത്യേകം നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. വിവിധ പരീക്ഷകളുടെ റിസൾട്ട് വന്നു. മികച്ച വിജയം നേടിയ നമ്മുടെ സ്കൂളുകളും കോളേജുകളും വിദ്യാർത്ഥികളും അവരെ അഭ്യസിപ്പിച്ച അദ്ധ്യാപകരും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

ജൂൺ മാസം ലോക പരിസ്ഥിതി ദിനത്തെ (Environment Day) വീണ്ടും സ്മരിക്കുന്നു. സൃഷ്ടിയുടെ സംരക്ഷണം വെറും സാമൂഹിക ബാധ്യത മാത്രമല്ല, വിശ്വാസപരമായ ഉത്തരവാദിത്വവുമാണെന്ന് ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ പരിസ്ഥിതി പ്രതിസന്ധികൾ കൂടുതൽ ഗൗരവമുള്ളതായിത്തീരുന്നു. കാലാവസ്ഥാ വ്യതിയാനം, അനിയന്ത്രിതമായ മഴയും ചൂടും, വെള്ളപ്പൊക്കങ്ങളും വരൾച്ചയും, വായു-ജല മലിനീകരണം, വനനശീകരണം എന്നിവ മനുഷ്യജീവിതത്തെ നേരിട്ട് ബാധിക്കുന്നു. കേരളത്തിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ച് മാലിന്യ സംസ്കരണത്തിലെ വെല്ലുവിളികൾ കൂടുതൽ ശ്രദ്ധേയമാണ്. വീടുകളിലും പൊതുസ്ഥലങ്ങളിലും ആശുപത്രികളിലും സ്ഥാപനങ്ങളിലും മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തത് ആരോഗ്യപ്രശ്നങ്ങൾക്കും പരിസ്ഥിതി അസന്തുലിതാവസ്ഥയ്ക്കും കാരണമാകുന്നു. സഭാസമൂഹം ഈ വിഷയത്തിൽ പ്രത്യേക ഉത്തരവാദിത്വം വഹിക്കേണ്ടതാണ്. ആരാധനാലയങ്ങളും സ്ഥാപനങ്ങളും വീടുകളും ശുചിത്വത്തിന്റെയും ഉത്തരവാദിത്വപരമായ പരിസ്ഥിതി സമീപനത്തിന്റെയും മാതൃകകളാകണം. 'സൃഷ്ടിയുടെ പരിപാലകർ' എന്ന നിലയിൽ നാം ഓരോരുത്തരും വ്യക്തിഗത ശീലങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ, മാലിന്യ വേർതിരിക്കൽ, ജലവും വൈദ്യുതിയും ഉത്തരവാദിത്വത്തോടെ ഉപയോഗിക്കൽ, പ്രകൃതിയോടുള്ള ആദരവ് എന്നിവ ദൈനംദിന ജീവിതത്തിന്റെ ഭാഗമാകണം. ദൈവം നൽകിയ ഭൂമിയെ വരും തലമുറകൾക്കായി സംരക്ഷിക്കുക എന്നത് നമ്മുടെ വിശ്വാസത്തിന്റെ സാക്ഷ്യമായി മാറണം.

സഭയുടെ ലഹരി വിമോചന സമിതിയുടെ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ജൂൺ 28-ാം തീയതി ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നു. ലഹരി ഉപയോഗം വ്യക്തികളുടെ ശാരീരികവും മാനസികവും ആത്മീയവുമായ ആരോഗ്യത്തെ തകർക്കുന്നതിനൊപ്പം കുടുംബബന്ധങ്ങളെയും സാമൂഹിക ബന്ധങ്ങളെയും ഗുരുതരമായി ബാധിക്കുന്നു. പ്രത്യേകിച്ച് യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ആകർഷണം വർദ്ധിക്കുകയും, അതിലൂടെ കുറ്റകൃത്യങ്ങൾ, അതിക്രമങ്ങൾ, ആത്മഹത്യാ പ്രവണതകൾ എന്നിവ ഉയരുകയും ചെയ്യുന്നത് ആശങ്കാജനകമാണ്. 'സ്വാതന്ത്ര്യം' എന്ന പേരിൽ അനിയന്ത്രിതമായ ജീവിതശൈലികൾ പ്രചരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ, യഥാർത്ഥ സ്വാതന്ത്ര്യം ഉത്തരവാദിത്വത്തിലും ആത്മനിയന്ത്രണത്തിലും തന്നെയാണെന്ന് സഭാ സമൂഹം വീണ്ടും തിരിച്ചറിയേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ സഭയായി ലഹരിമുക്ത ജീവിതത്തെക്കുറിച്ചുള്ള ബോധവൽക്കരണം ശക്തിപ്പെടു

ത്തേണ്ടത് അനിവാര്യമാണ്. കുടുംബങ്ങൾ, സഭാ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഒന്നിച്ച് ചേർന്ന് പ്രതിരോധ ബോധം വളർത്തുകയും, ലഹരി ഉപയോഗത്തിലേക്ക് യുവജനങ്ങൾ വീഴാതിരിക്കാൻ ആത്മീയവും സാമൂഹികവുമായ പിന്തുണ നൽകുകയും വേണം. ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുകയും, ചികിത്സയും പുനരധിവാസവും ലഭ്യമാക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യണം. ലഹരി വിരുദ്ധ വാരാചരണം ഒരു ഔപചാരിക ആചാരമായി മാത്രം ഒതുങ്ങാതെ, ജീവിതരീതിയിൽ മാറ്റം കൊണ്ടുവരുന്ന ഒരു ആത്മീയ-സാമൂഹിക പ്രതിജ്ഞയായി മാറണം.

ജൂൺ 16 മുതൽ 29 വരെയുള്ള രണ്ടാഴ്ചക്കാലം ശ്ലീഹന്മാരെ സ്മരിക്കുന്നതിനും ശിഷ്യത്വത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ക്രൂശിന്റെ പാതയിൽ നമ്മെത്തന്നെ നയിക്കുന്നതിനുമുള്ള കാലമാണ്. ശ്ലീഹന്മാരുടെ ജീവിതം നമുക്ക് സമർപ്പണത്തിന്റെ, ധൈര്യത്തിന്റെ, സാക്ഷ്യജീവിതത്തിന്റെ മാതൃകകൾ നൽകുന്നു. ശിഷ്യത്വം ത്യാഗത്തിന്റെയും സേവനത്തിന്റെയും ജീവിതമാണ്. അതിനാൽ എല്ലാവരും വ്യക്തിപരമായ പ്രാർത്ഥനയ്ക്കും വചനധ്യാനത്തിനും കൂടുതൽ സമയം കണ്ടെത്തുകയും, സഭാജീവിതത്തിൽ സജീവമായി പങ്കാളികളാകുകയും ചെയ്യണം. 'ശിഷ്യരാകാനുള്ള വിളിയും നിയോഗവും' എന്ന വിഷയം ക്രിസ്തീയ ജീവിതത്തിന്റെ മർമ്മത്തെയാണ് സൂചിപ്പിക്കുന്നത്. ഈ കാലഘട്ടത്തിലും ക്രിസ്തുവിന്റെ വിളിയെ വീണ്ടും ശ്രവിച്ച്, അതിനോട് വിശ്വസ്തതയോടെ പ്രതികരിക്കാൻ നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ കോഴഞ്ചേരി സെന്റ് തോമസ് കോളജിന് ശാസ്ത്ര - സാങ്കേതിക മന്ത്രാലയത്തിന്റെ ഡി.ബി.ടി. സ്റ്റാർ കോളജ് പദ്ധതിയിലേക്ക് പ്രവേശനം ലഭിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ശാസ്ത്ര പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പിന്തുണയാണ് ഇതിലൂടെ ലഭ്യമാകുന്നത്. ഇത് സ്ഥാപനത്തിന്റെ അക്കാദമിക മികവിനും ഗവേഷണ - ശാസ്ത്ര പ്രവർത്തനങ്ങൾക്കും ലഭിച്ച വലിയ അംഗീകാരമാണ്. പത്തനംതിട്ട ജില്ലയിൽ ഈ അംഗീകാരം നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളജാണെന്നത് ഈ നേട്ടത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. സഭയുടെ പേരിലുള്ള അഭിനന്ദനങ്ങൾ അറിയിക്കുന്നു. കോഴഞ്ചേരി സെന്റ് തോമസ് കോളേജ് അതിന്റെ ഭാവി പ്രവർത്തനങ്ങളുടെ ദ്രുദഗതിയിലുള്ള ആസൂത്രണത്തിനും, ഓട്ടോണമിയിലേക്കുള്ള ചുവടുവയ്പ്പിനും സഭാമണ്ഡലത്തിന്റെ മുൻ തീരുമാനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു.

നമ്മുടെ അഭിവന്ദ്യ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായും അഭി. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പായും പട്ടത്വ ശുശ്രൂഷയിൽ 50 വർഷങ്ങൾ പൂർത്തീകരിച്ചു. തിരുമേനിമാരുടെ ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും അവരെ പ്രത്യകമായി പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യാം. സഭയുടെ ആശംസകൾ അറിയിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ ഔദ്യോഗിക എപ്പിസ്കോപ്പൽ സെമിനാരികളിൽ ഒന്നായ ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി നമ്മുടെ നോർത്ത് അമേരിക്കൻ ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായെ ഡോക്ടർ ഓഫ് ഡിവിനിറ്റി (ഹോണറിസ് കോസാ) ബിരുദം നല്കി ആദരിച്ചു. തിരുമേനിക്ക് അഭിനന്ദനങ്ങൾ. മാർത്തോമ്മാ സഭയ്ക്ക് ഇത് സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും അവസരമാണ്. ലോകവ്യാപകമായ ആംഗ്ലിക്കൻ കമ്മ്യൂണിയനുമായി മാർത്തോമ്മാ സഭയ്ക്ക് ശക്തമായ ബന്ധങ്ങളുണ്ട്. പൗരസ്ത്യ കൽദായ സുറിയാനി സഭ ആർച്ച് ഡയോസിസ് ഓഫ് ഇന്ത്യ ഏർപ്പെടുത്തിയിരിക്കുന്ന വൈദീകശ്രേഷ്ഠ അവാർഡ് 2026 ന് നമ്മുടെ സഭയുടെ വികാരി ജനറലും ബാംഗ്ലൂർ വൈറ്റ്ഫീൽഡ് ഇ. സി. സി. യുടെ ഡയറക്ടറുമായ വെരി. റവ. ഡോ. ഷാം പി. തോമസ് അർഹനായി. അഖിലേന്ത്യ തലത്തിൽ വിവിധ ക്രൈസ്തവ സഭകളിലെ വൈദികരുടെ വ്യത്യസ്തമായ പ്രവർത്തന മണ്ഡലങ്ങളിലെ സ്തുത്യർഹ്യമായ സേവനങ്ങളെ പരിഗണിച്ചു കൊണ്ടാണ് ഈ അവാർഡ് സമ്മാനിച്ചത്. സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

നമ്മുടെ മേപ്രാൽ ഇമ്മാനുവേൽ ഇടവക അംഗവും തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ഗവേഷണ വിദ്യാർത്ഥിയുമായ മെൽവിയ മാതൃഭൂമി വിഷു പതിപ്പ് 2026 സാഹിത്യ മത്സരത്തിൽ കവിതാ വിഭാഗത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി എന്നറിയുന്നത് ഏറ്റവും സന്തോഷകരമാണ്. മെൽവിയയുടെ 'വെള്ളത്താക്കം' എന്ന കവിതയാണ് സമ്മാനാർഹമായത്. കലാലയ വിദ്യാർത്ഥികൾക്കായി മാതൃഭൂമി ഒരുക്കുന്ന ഏറ്റവും വലിയ പുരസ്കാരമാണ് മാതൃഭൂമി വിഷുപ്പതിപ്പ് പുരസ്കാരം. മെൽവിയയ്ക്ക് ലഭിച്ച അംഗീകാരം മറ്റനേകർക്ക് പ്രോത്സാഹനജനകമാകും എന്ന് വിശ്വസിക്കുന്നു. ഈ യുവ സാഹിത്യകാരിയെ ഹാർദ്ദവമായി അനുമോദിക്കുന്നു.

സഭയുടെ ഔദ്യോഗിക ചുമതലാ സ്ഥാനങ്ങൾ, സഭാ കൗൺസിൽ, വൈദിക തെരഞ്ഞെടുപ്പു കമ്മിറ്റി, ഭദ്രാസന കൗൺസിലുകൾ എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പുകൾക്കായി ഒരുങ്ങുകയാണല്ലോ. ഭദ്രാസനങ്ങളിൽ കൂടെയും പോസ്റ്റൽ ബാലറ്റ് മുഖാന്തരവും നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകളിൽ പ്രാർത്ഥനാ പൂർവ്വവും ദൈവബോധത്തോടെയും ഓരോരുത്തരും പങ്കെടുക്കേണമെന്നു അറിയിക്കുന്നു. കക്ഷി രാഷ്ട്രീയങ്ങൾക്കും വ്യക്തി താല്പര്യ

ങ്ങൾക്കും അതീതമായി സഭയെ ഒന്നായിക്കാണുന്ന തിനും സഭയുടെ പൊതുവായ നന്മയെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതിനും ഏവരും ഉത്സാഹിക്കണം. തർക്കവിതർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കു മുള്ള അവസരമല്ല തിരഞ്ഞെടുപ്പിന്റെ അവസരം. സഭയുടെ ആത്മീക വർദ്ധനവും കെട്ടുപണിയുമാ കണം ഓരോ മണ്ഡലാംഗത്തിന്റെയും ലക്ഷ്യം. ദൈവഹിതപ്രകാരം തക്ക ആളുകൾ തിരഞ്ഞെ ടുക്കപ്പെടുന്നതിനുള്ള ദൈവകൃപയും ദർശനവും ചുമതലപ്പെട്ടവർക്ക് ലഭിക്കുന്നതിന് സഭയായി എല്ലാ വരും ദൈവസന്നിധിയിൽ നിരന്തരം മുട്ടിപ്പായി പ്രാർത്ഥിക്കണം.

നമ്മുടെ കമ്പംകോട് ഓൾ സെയിന്റ്സ് മാർത്തോമ്മാ ഇടവകാംഗവും കേരള മുൻ ഡി. ജി. പി. യുമായ ഡോ. പി. ജെ. അലക്സാണ്ടർ നിര്യാതനായി. കേരള ത്തിന്റെ നിയമ-സമാധാന രംഗത്ത് തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച മഹത്തായ വ്യക്തിത്വത്തിന്റെ ഉടമ യായിരുന്നു അദ്ദേഹം. 1962 ൽ കാസർഗോഡ് എ. എസ്.പി.യായി അദ്ദേഹം ചുമതലയേറ്റ നാളുകളിൽ അവിടെ സഭയ്ക്ക് സ്വന്തമായി സ്ഥലമോ ദൈവാല യമോ ഉണ്ടായിരുന്നില്ല. 1965 ൽ അദ്ദേഹം ചേർക്കള യിൽ 5.14 ഏക്കർ സ്ഥലം വാങ്ങി മെത്രാപ്പോലീത്താ തിരുമേനിയുടെ പേരിൽ വിലയാധാരമാക്കി നല്കി. ഇത് പിൽക്കാലത്ത് ചെർക്കള മാർത്തോമ്മാ ബധിര വിദ്യാലയം ആരംഭിക്കുന്നതിന് വഴിയൊരുക്കി. ഡോ. പി. ജെ. അലക്സാണ്ടറുടെ വേർപാടിൽ സഭ യുടെ അനുശോചനം അറിയിക്കുന്നു.

ജൂൺ മാസത്തേക്കുള്ള ഞായറാഴ്ച ആരാധനകളുടെ ചിന്താവിഷയങ്ങൾ പരിശുദ്ധാത്മ സഹായത്താൽ കെട്ടു പണി ചെയ്യപ്പെടുന്ന സഭയുടെ വ്യത്യസ്ത ദൗത്യ സരണികളെ കുറിച്ചാണ്.

ജൂൺ 7-ാം തീയതി ഞായറാഴ്ച വിദ്യാലയ വർഷാ രംഭ ഞായറാണല്ലോ. യേശു ജീവിതത്തിന്റെ ആത്യ ന്തിക സ്വാധീനം എന്ന ചിന്താവിഷയമാണ് സഭ ധ്യാനിക്കുന്നത്. മനുഷ്യജീവിതത്തിനും വിദ്യാഭ്യാ സത്തിനും ആത്മീക അടിത്തറകൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. ലോകത്തിന്റെ വെളിച്ചമായ യേശു വിനെ അനുഗമിക്കുന്നവർക്ക് ആന്തരികമായ വെളിച്ചം ലഭിക്കും. ഭൗതിക വെളിച്ചങ്ങൾ പരാജയ പ്പെടുമ്പോഴും ആന്തരിക പ്രകാശനം ലഭിച്ചവർ ക്കാണ് ഇരുട്ടിൽ തപ്പി തടയാതെ സഞ്ചരിക്കുവാൻ കഴിയുന്നത്. ദൈവിക പ്രകാശനം ലഭിക്കേണ്ടതിന് നിരന്തരമായ ശുദ്ധീകരണ അനുഭവം ഉണ്ടാകേ ണ്ടതുണ്ട്. ജീവിതയാത്രയിൽ അതിനു സഹായി ക്കുന്ന പരിശുദ്ധാത്മ സാന്നിധ്യം ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്. ആ അനുഗ്രഹം അനുഭവമാക്കുവാൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന വിദ്യാഭ്യാസ ക്രമമാണ് വിമോചനാത്മകം.

ജൂൺ 14-ാം തീയതി ഞായറാഴ്ച സഭ പരിസ്ഥിതി ഞായറായി ആചരിക്കുന്നു. കാലാവസ്ഥ വ്യതിയാ നങ്ങൾ ജീവിതത്തിന്റെ ക്രമവും താളവും തെറ്റിക്കു മ്പോൾ, നന്മയ്ക്കായി ക്രമീകരണങ്ങൾ ചെയ്യേണ്ടത് വിവേകമുള്ള മനുഷ്യരാണ്. മറ്റെല്ലാ കാലത്തേ ക്കാളും ഈ കാലത്ത് പരിസ്ഥിതി ഗൗരവമുള്ള ആത്മീയ വിഷയമാണ്. ആകാശം ദൈവത്തിന്റെ മഹത്വത്തെയും അവിടുത്തെ കൈവേലയെയും പ്രസിദ്ധമാക്കുന്നുണ്ട്. ഭൂമിയിലെ സകല സൃഷ്ടിയും ദൈവികഭാഷണത്തിന്റെ ഉപകരണങ്ങളാണ്. 'തോട്ടം കാക്കുവാനും അതിനെ അണിയിച്ചൊരുക്കു വാനും' കടപ്പെട്ടവർ പ്രകൃതിയെ നശിപ്പിക്കുന്നത് പാപമാണ്. ഈ ബോധ്യം സഭാ മക്കളുടെ ബോധ മണ്ഡലത്തിൽ സജീവമാക്കുവാൻ പരിസ്ഥിതി ദിനാ ചരണം സഹായകരമാകട്ടെ.

ജൂൺ 21 -ാം തീയതി ഞായറാഴ്ച ആരാധന ശക്തി കരണത്തെ കുറിച്ചാണ് സഭ ധ്യാനിക്കുന്നത്. ദൈവ സാന്നിധ്യ ബോധത്തിൽ ദൈവീക ലക്ഷ്യങ്ങൾക്ക് വേണ്ടി ആരാധകരെ ഒരുക്കുന്ന ആരാധനയാണ് വിഭാവനം ചെയ്യപ്പെടുന്നത്. ദൈവിക ദൗത്യങ്ങൾ നിറവേറ്റുന്നതിന് ആരാധകരെ പ്രചോദിപ്പിക്കുന്ന താണ് സത്യ ആരാധന. ദൈവത്തോടുള്ള സ്നേഹ ബന്ധവും സഹ മനുഷ്യരോടും ചുറ്റുപാടുകളോടും ഉള്ള സ്നേഹബന്ധവും ആണ് സകല യാഗങ്ങളെ ക്കാളും സ്വീകാര്യമായ ആരാധന. ജീവന്റെ വച നത്തെ പ്രമാണിച്ചുകൊണ്ടു മാത്രമേ പ്രകാശിത രായി ജീവിക്കുവാൻ കഴിയുകയുള്ളൂ എന്ന് പൗലോസ് അപ്പോസ്തലൻ പ്രസ്താവിക്കുന്നുണ്ട് (ഫിലി 2:15). വചനകേന്ദ്രീകൃതമായി ദൈവത്തോടും സഹമനുഷ്യ രോടുമുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ ആരാധന ജീവിതം പ്രചോദിപ്പിക്കട്ടെ.

ജൂൺ 28 -ാം തീയതി ഞായറാഴ്ച 'ചങ്ങലകളെ തകർ ക്കുക, സ്വതന്ത്രരാക്കുക' എന്ന ധ്യാന വിഷയമാണ് നൽകപ്പെട്ടിരിക്കുന്നത്. ദൈവസാന്നിധ്യത്തെ സ്വാംശീകരിക്കുന്നവരിൽ വ്യക്തിപരമായ സ്വാധീന ങ്ങൾ ഉണ്ടാകും. വ്യത്യസ്ത മാനസിക ബന്ധനങ്ങ ളിലും അടിമത്തങ്ങളിലും ആയിരിക്കുന്നവർക്ക് വിമോചനം നൽകുവാൻ യേശുവിന് കഴിയും. ജീവിത ത്തിന്റെ സമസ്ത മേഖലകളിലും ദൈവത്തിന് അധി കാരം ഉണ്ട്. ഈ അധികാരത്തെ അംഗീകരിക്കുന്നവ ർക്കാണ് സുബോധത്തോടെ ഇരിക്കുവാൻ കഴിയു ന്നത്. ദൈവബന്ധത്തിൽ മാത്രമേ സ്വാഭാവികമായ മനുഷ്യത്വം രൂപപ്പെടുകയുള്ളൂ എന്ന തിരിച്ചറിവ് എല്ലാവരെയും ഭരിക്കേണ്ടതുണ്ട്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ വരോടും കൂടെയിരിക്കട്ടെ.



പുലാത്തീൻ
27.05.2026

ഡോ. തിയഡോഷ്യസ്
മാർത്തോമ്മാ മെത്രാപ്പോലീത്താ